**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 495** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറി സർക്കാരിന് സമർപ്പിച്ച ഏറ്റവും പുതിയ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; അപ്രകാരം സമർപ്പിക്കുകയുണ്ടായിട്ടില്ലെങ്കിൽ, നിലവിലെ സാമ്പത്തിക സ്ഥിതിഗതികൾ, ബാധ്യതകളും, സാധ്യതകളും എന്നിവ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറി സർക്കാരിന് ഔദ്യോഗികമായി കുറിപ്പുകളൊന്നും സമർപ്പിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. |
| (ബി) | സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാണെങ്കിൽ ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ; സംസ്ഥാനം ഏതെല്ലാം നിലയിൽ പ്രതിസന്ധി നേരിടുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണയവും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടർന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിരുന്നു.<br><br>സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതി വിഹിതത്തിൽ വന്നിട്ടുള്ള കുറവും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിലുള്ള അനിശ്ചിതാവസ്ഥയും റവന്യൂ കമ്മി ഗ്രാന്റിൽ വന്നിട്ടുള്ള ഗണ്യമായ ഇടിവും സർക്കാരിന് കീഴിലെ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ വായ്പകൾ ചൂണ്ടിക്കാട്ടി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നാളിതുവരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതും സ്ഥിതി വഷളാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണോ; എങ്കിൽ എന്തെല്ലാം അടിസ്ഥാനപ്പെടുത്തിയാണ് ഇത് അവകാശപ്പെടുന്നതെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് ധവളപത്രം പുറപ്പെടുവിക്കാനുള്ള ഏതെങ്കിലും തരത്തിലുള്ള സാഹചര്യം നിലവിലുണ്ടോ, ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | കോവിഡ് മഹാമാരിയെ തുടർന്ന് നിശ്ചലാവസ്ഥയിലായ സമ്പദ് വ്യവസ്ഥ അതിൽ നിന്നും ക്രമേണ മുക്തമായി തുടങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നും അതുകൊണ്ടു തന്നെ നിലവിലെ ബാധ്യതകൾ സർക്കാരിന്റെ തുടർന്നുള്ള പ്രയാണത്തിൽ വിഘാതമാകുകയില്ല എന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ താമസിയാതെ അനുവദിച്ചു നൽകുമെന്നും പ്രതീക്ഷിക്കുന്നു. ടി കാരണങ്ങളാൽ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധവളപത്രം പുറത്തിറക്കേണ്ടതായ സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ

| ഇനം | രൂപ കോടിയിൽ |
|---|---|
| റവന്യൂ വരുമാനം (ചരക്ക് സേവന നികുതി നഷ്ടപരിഹാര വായ്പ 8739.31 കോടി രൂപ ഉൾപ്പെടെ) | 125285.81 |
| മൂലധന വരുമാനം | 34691.86 |
| ആകെ വരുമാനം | 159977.67 |
| ആകെ ചെലവ് | 160065.11 |
| റവന്യൂ കമ്മി | -17842.83 |
| ധന കമ്മി | -34046.67 |